No. 80/ Est/ 2017

*"ഭരണഭാഷ - മാതൃഭാഷ"*

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

**നം.ഇ8/1632/15/സിഇ/തസ്വഭവ** **തീയതി : 22.06.2017**

# സർക്കുലർ

വിഷയം:- തസ്വഭവ-എഞ്ചിനീയറിംഗ് വിഭാഗം)-ജീവനക്കാര്യം-എസ്.സി/എസ്.ടി പ്രത്യേക നിയമനം-വിവിധ തസ്തികകളിലെ ജീവനക്കാരിലെ എസ്.സി/എസ്.ടി വിഭാഗ പ്രാതിനിധ്യം - വിവരശേഖരണം സംബന്ധിച്ച്.

സൂചന:- പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ-എ) വകുപ്പിൽ നിന്നുമുള്ള നിർദ്ദേശം

മേൽ സൂചന പ്രകാരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ 01.01.2017 തീയതി അടിസ്ഥാന മാക്കി പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യ അവലോകനത്തിനായി, ഈ വകുപ്പിന്റെ സ്റ്റാഫ് സ്ട്രങ്ങ്ത് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതായിട്ടുണ്ട്. ടി സാഹചര്യത്തിൽ, ഈ വകുപ്പിന് കീഴിലുള്ള ഓഫീ സുകളിലെ ജീവനക്കാരെ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെക്കൊടുത്തിരിക്കുന്ന മാതൃകയിൽ **05.07.2017-ാം തീയതിയ്ക്കകം *e-mail* മുഖാന്തിരം** ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. എല്ലാ ഓഫീസുകളിലെയും എല്ലാ വിഭാഗത്തിൽപ്പെട്ട സ്ഥിരം ജീവനക്കാരുടെയും (സൂപ്രണ്ടിംഗ് എഞ്ചിനീയർ മുതൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഉള്ളവർ വരെ) നിലവിലുള്ള ആകെ എണ്ണവും, അതിൽ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടവർ എത്ര എണ്ണം , ഒ.ബി.സി വിഭാഗത്തിൽപ്പെട്ടവർ എത്ര എണ്ണം, ടി വിഭാഗങ്ങളിൽ ഉൾപ്പെട്ടവർ ഇല്ല എങ്കിൽ, ഇല്ല എന്നുള്ള വിവരവും പ്രൊഫോർമയിൽ രേഖ പ്പെടുത്തേണ്ടതാണ്.

Staff strength as on 01.01.2017

| Sl.No | Category | Scale of Pay | Total Strength | SC | ST | OBC |
|---|---|---|---|---|---|---|
| 1 | | | | | | |
| 2 | | | | | | |

<u>**എല്ലാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും അവരുടെ അധികാരപരിധിക്കു കീഴിലുള്ള സബ് ഡിവിഷൻ, സെക്ഷൻ എന്നിവിടങ്ങളിൽ നിന്നും മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീ യർമാർ അവരുടെ അധികാര പരിധിക്കു കീഴിലുള്ള മുനിസിപ്പാലിറ്റികളിൽ നിന്നും പ്രസ്തുത വിവര ങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ചു തന്നെ നൽകേണ്ടതാണ്.**</u> പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യ അവലോകനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ, അടിയന്തര പ്രാധാന്യം നൽകി നിശ്ചിത സമയ ത്തിനകം ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ***e-mail*** **മുഖാന്തിരം** ടി വിവരം സമർപ്പിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ചീഫ് എൻജിനീയർ**
**(ചീഫ് എഞ്ചിനീയർക്ക് വേണ്ടി)**

പകർപ്പ്:- 1) എല്ലാ സൂപ്രണ്ടിംഗ് എൻജിനീയർമാർക്കും (നോർത്ത് സർക്കിൾ/സൗത്ത് സർക്കിൾ/ കോർപ്പറേഷൻ/കെ.എസ്.ആർ.ആർ.ഡി.എ)
2) എല്ലാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും.
3) എല്ലാ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും.
4) എല്ലാ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും
5) എല്ലാ മുനിസിപ്പാലിറ്റികളിലെ നിയന്ത്രണാധികാരികൾക്കും.

S 1071